**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 19** **07-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ സേവനങ്ങൾ ഓൺലൈൻ ആക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ; ജനങ്ങൾ സർക്കാർ ഓഫീസുകളിൽ കയറി ഇറങ്ങേണ്ട അവസ്ഥ പരിഹരിക്കാൻ അടിയന്തര നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ? | (എ) | സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചുകൊണ്ട് പൗരന്മാർക്ക് എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ എത്തിയ്ക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് ഇ-സേവനം പോർട്ടൽ. നിലവിൽ 81 വകുപ്പുകളുടെ 900-ലധികം സേവനങ്ങൾ ഇ-സേവനം പോർട്ടലിൽ ലഭ്യമാണ്. റവന്യൂ (ഇ-ഡിസ്ട്രിക്ട്), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (കെ-സ്മാർട്ട്) എന്നിവയുമായി ബന്ധപ്പെട്ട പ്രധാന സർട്ടിഫിക്കറ്റ് സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്.<br><br>ഓൺലൈനായി സ്വയമേവ അപേക്ഷ സമർപ്പിക്കാൻ ബുദ്ധിമുട്ടുള്ള പൗരന്മാർക്കായി 2500-ലധികം അക്ഷയ കേന്ദ്രങ്ങളിലൂടെയും സർക്കാർ ഓൺലൈൻ സേവനങ്ങൾ നൽകി വരുന്നു.<br><br>ഇതിനു പുറമെ, ഈസ് ഓഫ് ഡൂയിങ് ബിസിനസ് പരിഷ്കാരങ്ങളുടെ ഭാഗമായി സംരംഭകർക്കായി എല്ലാ സേവനങ്ങളും കെ-സ്വിഫ്റ്റ് മുഖേന ഓൺലൈൻ ആയി ലഭ്യമാക്കി വരുന്നു.<br><br>ഒന്നിലധികം വെബ് സൈറ്റുകൾ സന്ദർശിക്കാതെ ഒറ്റത്തവണ രജിസ്റ്റർ ചെയ്ത് കൊണ്ട് സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി 'ഡിജിറ്റൽ കേരള ആർക്കിടെക്ചർ ' പദ്ധതിയുടെ കീഴിൽ യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം (USDP) വികസിപ്പിക്കുവാൻ കേരള സ്റ്റേറ്റ് ഐ.ടി മിഷന് തത്വത്തിലുള്ള ഭരണാനുമതിയും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ